(ജി) പൂർത്തിയായിട്ടുണ്ട്.

227.098 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ വിദേശവായ്പ 77.75 കോടി രൂപയാണ്. എക്സ്പോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ, കാനഡ എന്ന സ്ഥാപനത്തിൽനിന്നാണ് വായ്പ വാങ്ങിയത്.

(എച്ച്) എസ്. എൻ. സി. ലാവ്‌ലിനുമായി പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണ കരാറിലും ലോവർപെരിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് എസ്. എൻ. സി. ഷാവിനിഗനുമായും ഇടുക്കി പദ്ധതിയുമായി ബന്ധപ്പെട്ട് എസ്. എൻ. സി. എന്ന കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുതപദ്ധതി .

36 [2786] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുതപദ്ധതിയുടെ നിർവ്വഹണത്തിൽ എന്തെങ്കിലും വീഴ്ചകൾ വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 201 കോടി രൂപ ബോർഡിന് നഷ്ടം വന്നുവെന്ന് കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്മേൽ സർക്കാർ എടുത്ത നടപടികൾ വിശദമാക്കാമോ;

(സി) ബോർഡിന് ഉണ്ടായ നഷ്ടം ഏതെല്ലാം നിലയിലാണെന്ന് വിശദമാക്കാമോ;

(ഡി) ഈ നഷ്ടം വരുത്തിയവരെ കണ്ടെത്താൻ വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) --- (ഡി) 2004 മാർച്ച് 31-ന് അവസാനിച്ച കാലഘട്ടത്തിലേക്കുള്ള കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ കൊമേഴ്സ്യൽ റിപ്പോർട്ടിൽ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം നടപ്പിലാക്കിയതിൽ നഷ്ടം ഉണ്ടായിട്ടുള്ളതായി പരാമർശമുണ്ട്. റിപ്പോർട്ട് പരിശോധനയിലാണ്.

കുറ്റ്യാടി വൈദ്യുതപദ്ധതി

37 [2787] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly